LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ്പ്

273 (4264) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ്പ് നൽകുന്ന പദ്ധതി പ്രകാരം 2013-14, 2014-15 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്തത്; ഈയിനത്തിൽ എത്ര തുകയാണ് ചെലവിട്ടത്?

ഉത്തരം

2013-14 സാമ്പത്തിക വർഷം 300 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുന്നതിന്റെ നടപടി അവസാന ഘട്ടത്തിലാണ്. ടി പദ്ധതിക്കായി 2013-14 സാമ്പത്തികവർഷം 1,30,39, 852 രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുന്നതിനായി 1.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളുടെ പശ്ചാത്തല സൗകര്യ വികസനം

274 (4265) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൻകീഴിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) കണ്ണൂർ ജില്ലയിലെ കോളയാട് പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിഭാഗം പെൺകുട്ടികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ എൺപതോളം കുട്ടികൾക്ക് ആവശ്യമായ വിധത്തിൽ ശുചി മുറികൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത ഹോസ്റ്റലിൽ ശുചിമുറികളും കുളിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, പ്രസ്തുത ഹോസ്റ്റലിൽ ശുചിമുറികളും കുളിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാനും ഈ സാമ്പത്തികവർഷം തന്നെ ഭരണാനുമതി നൽകുവാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രീമെട്രിക് ഹോസ്റ്റലുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം 4.64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കോളയാട് പെൺകുട്ടികൾക്കായുള്ള പ്രീ മെട്രിക് ഹോസ്റ്റലിൽ ആവശ്യമായ ശുചിമുറികൾ ഉണ്ട്. എന്നാൽ ടി ഹോസ്റ്റലിൽ അനുവദനീയമായ 60 കുട്ടികളിൽ കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകുമ്പോൾ ശുചിമുറികൾ അപര്യാപ്തമായി വരുന്നു.

(സി) ഇല്ല.

(ഡി) ഈ ഹോസ്റ്റലിൽ അധികമായി ആവശ്യമായ ശുചിമുറികളുടെയും കുളിമുറികളുടെയും നിർമ്മാണത്തിനായി 8,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അട്ടപ്പാടിയിലെ ആദിവാസി ശിശുമരണങ്ങൾ

275 (4266) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന പോഷകാഹാരക്കുറവ്, തൊഴിലില്ലായ്മ, പലതരം രോഗാവസ്ഥ എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് പ്രത്യേക പാക്കേജുകൾ ഗവ. പ്രഖ്യാപിച്ചിട്ടും, അതൊന്നും ലക്ഷ്യത്തിലെത്താത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തലുകൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ നിന്നും എന്താണ് വ്യക്തമായത്; വിശദമാക്കാമോ ;

(ബി) ആദിവാസിക്ഷേമപദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും ചെയ്തു തീർക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങിയതോടെ ആദിവാസികൾക്കിടയിലുള്ള പോഷകാഹാരക്കുറവിനും പലതരം രോഗാവസ്ഥയ്ക്കും ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ അടക്കമുള്ള പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചു എന്നും അതൊന്നും ലക്ഷ്യത്തിലെത്തിയില്ലെന്നുമുള്ള നിഗമനം തികച്ചും അടിസ്ഥാനരഹിതമാണ്.